പാഠം 25

**അലൈക്കും** എന്ന വാക്ക് ശ്രദ്ധിക്കുക. നിങ്ങളുടെ മേൽ എന്നർഥം. വാക്കുകൾ ഓർത്തിരിക്കണം.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| നിങ്ങളുടെ മേൽ | അലൈക്കും | ع َ ل َ ي ْ ك ُ م ْ | عَلَيْكُمْ |

**അളീം** എന്ന പദത്തെ പരിചയപ്പെടുക. മഹത്തായ എന്നാണ് അതിന്റെ ഭാഷാർഥം.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| മഹത്തായ | അളീം | ع َ ظ ِ ي م ْ | عَظِيمْ |

**ഗഫ്‌ലത്** എന്ന വാക്കാണ് ഇനി പഠിക്കുന്നത്. അശ്രദ്ധ എന്നാണ് അതിനർഥം.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| അശ്രദ്ധ | ഗഫ്‌ലത് | غ َ ف ْ ل َ ة | غَفْلَة |

**ഗുലാം** എന്ന വാക്കാണ് ഇനി പഠിക്കുന്നത്. ഭൃത്യൻ എന്നാണ് അതിനർഥം.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| ഭൃത്യൻ | ഗുലാം | غ ُ ل َ ا م ْ | غُلَامْ |

**ഫിർദൗസ്** എന്നത് അറബി വാക്കാകുന്നു. പറുദീസ എന്ന് നമുക്കതിന് അർഥം പറയാം.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| പറുദീസ | ഫിർദൗസ് | ف ِ ر ْ د َ و ْ س ْ | فِرْدَوْسْ |

(റ എന്ന അക്ഷരത്തിനു ശേഷം വരുന്ന് അക്ഷരം അതിനോട് ചേർത്തെഴുതുകയില്ല. ദ ക്ക് ശേഷം വരുന്ന അക്ഷരങ്ങളും അതിനോട് ചേരുകയില്ല. അതുപോലെ വാ ക്ക് ശേഷം വരുന്ന അക്ഷരങ്ങളും അതിനോട് ചേരുകയില്ല.)

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| ഫറോവ | ഫിർഔൻ | ف ِ ر ْ ع َ و ْ ن ْ | فِرْعَوْنْ |

ഫിർഅവ്ൻ എന്ന് വായിക്കുകയില്ല. പൗരാണിക ഈജിപ്ത് ഭരിച്ചിരുന്ന ഭരണകൂടമാണിത്.

നക്ഷത്രങ്ങൾക്ക് അറബിയിൽ കവാകിബ് എന്ന് പറയുന്നു.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| നക്ഷത്രങ്ങൾ | കവാകിബ് | ك َ و َ ا ك ِ ب ْ | كَوَاكِبْ |

**കൈഫ** എന്നാൽ എങ്ങനെ എന്നർഥം.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| എങ്ങനെ | കൈഫ | ك َ ي ْ ف َ | كَيْفَ |